## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4777 — 21.10.2011-ൽ മറുപടിയ്ക്ക്

## കുബനൂർ സബ്സ്റ്റേഷൻ പരിധിയിലെ വൈദ്യുതി തടസ്സം.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ബി. അബ്ദുൾ റസാക്ക് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കർണ്ണാടകയിൽ നിന്ന് വൈദ്യുതി ചാർജ്ജ് ചെയ്യുമ്പോൾ മഞ്ചേശ്വരം കുബനൂർ സബ്സ്റ്റേഷൻ പരിധിയിൽ വൈദ്യുതി വിതരണം നിലയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) തിരിച്ച് കർണ്ണാടകയിലേക്ക് ചാർജ്ജ് ചെയ്യുമ്പോഴും ഈ പ്രദേശത്ത് വൈദ്യുതി നിലയ്ക്കുന്ന തിനാൽ ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) സാധാരണയായി കർണ്ണാടകയിൽ നിന്നും 110 കെ. വി കൊണിജേ - മഞ്ചേശ്വരം ഫീഡർ വഴിയാണ് മഞ്ചേശ്വരം കുബനൂർ സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്നത്. ഈ ഫീഡറിന് എന്തെങ്കിലും അറ്റകുറ്റപണികൾ ഉണ്ടാകുമ്പോഴാണ് കാസർഗോഡ് വിദ്യാനഗർ സബ് സ്റ്റേഷനിൽ നിന്നും വൈദ്യുതി എടുക്കുന്നത്. ചില സാങ്കേതിക കാരണങ്ങളാൽ രണ്ടു വൈദ്യുതിയും ഒരുമിച്ച് എടുക്കാൻ സാധിക്കില്ല. അതുകൊണ്ട് ഒരു വിതരണ ശൃംഖലയിൽ നിന്നും മറ്റൊരു വിതരണ ശൃംഖലയിലേക്ക് മാറുമ്പോൾ കുറച്ചു സമയത്തേക്ക് ടി സബ്സ്റ്റേഷൻ പരിധിയിൽ വൈദ്യുതി തടസ്സപ്പെടാറുണ്ട്. |
| (സി) ആയത് പരിഹരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ? | (സി) കർണ്ണാടകയിലെ പുത്തൂർ സബ്സ്റ്റേഷനിൽ നിന്നും കേരളത്തിലെ മൈലാട്ടി സബ്സ്റ്റേഷനിലേക്ക് ഒരു പുതിയ 220 കെ. വി ട്രാൻസ്മിഷൻ ലൈൻ നിർമ്മാണത്തിനുള്ള കരട് പദ്ധതി ദക്ഷിണമേഖല പവർ കമ്മിറ്റി സമ്മേളനത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. ഈ ലൈൻ പ്രാവർത്തികമായാൽ മേൽപറഞ്ഞ |

പ്രശ്നം പരിഹരിക്കാവുന്നതാണ്. കൂടാതെ, മൈലാട്ടിയിൽ നിന്നും മഞ്ചേശ്വരം വരെയും അവിടെ നിന്ന് കേരള അതിർത്തിയായ തൗടുഗോളി യിലേക്കുമുള്ള 110 കെ. വി സിംഗിൾ സർക്യൂട്ട് ലൈനിനെ ഇരട്ടിപ്പിക്കുന്ന നിർദ്ദേശവും പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ.